**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. ഹരിത വി കുമാർ, ഐ.എ.എസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് – അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതി - പ്രോഗ്രാം ഓഫീസുകൾ, ഐ.സി.ഡി.എസ് പ്രോജക്ടുകൾ, എന്നിവിടങ്ങളിലെ 2024-25 സാമ്പത്തിക വർഷത്തെ POL ചാർജ്ജ്, കരാർ വാഹന വാടക - രണ്ടാം ക്വാർട്ടറിലെ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1.ഈ കാര്യലയത്തിലെ 01.08.2024 തീയതിയിലെ DWCD/4317/2024-ICDSA1 നമ്പർ ഉത്തരവ്.

2.ഈ കാര്യലയത്തിലെ 07.05.2024 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

3.ഈ കാര്യലയത്തിലെ 23.07.2024 തീയതിയിലെ DWCD/2588/2023-ICDSA1 നമ്പർ ഉത്തരവ്.

4.ജില്ല വനിത ശിശുവികസന ഓഫീസർമാരിൽ നിന്നും ലഭ്യമായിട്ടുള്ള വിവിധ തീയതികളിലെ കത്തുകൾ.

**ഉത്തരവ് നം. DWCD/1454/2024-ICDSA1 തീയതി: 14-08-2024**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതി PFMS മുഖേന നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസുകളിലും എല്ലാ പ്രോഗ്രാം ഓഫീസുകളിലും സബ്സിഡിയറി സീറോ ബാലൻസ് അക്കൗണ്ട് അരംഭിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ലഭ്യമാകുന്ന കേന്ദ്ര സംസ്ഥാന വിഹിതം തുകകൾ വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള 40341101052949 (IFS CODE KLGB0040341) എന്ന SNA അക്കൗണ്ടിൽ നിക്ഷേപിച്ച് പദ്ധതി പ്രവർത്തനം നടത്തി വരുന്നു. നടപ്പു സാമ്പത്തിക വർഷം അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായ ഒന്നാം ഗഡു തുകയും ആനുപാതിക സംസ്ഥാന വിഹിതവും ചേർത്ത് SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള അനുമതി നൽകി പരാർമാർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷം POL ചാർജ്ജിനും കരാർ വാഹന വാടകയ്ക്കായി പ്രോഗ്രാം ഓഫീസുകൾക്കും ഐ.സി.ഡി.എസ് പ്രോജക്ടുകൾക്കും ഒന്നാം ക്വാർട്ടറിൽ ആകെ 86,25,371/-രൂപ (എൺപത്തിയാറ് ലക്ഷത്തി ഇരുപത്തയ്യായിരത്തി മുന്നൂറ്റിയെഴുപത്തിയൊന്ന് രൂപ മാത്രം) പരാമർശം (2), (3) പ്രകാരം അനുവദിച്ചിട്ടുണ്ട്.

ജില്ല വനിത ശിശുവികസന ഓഫീസർമാർ 2024-25 സാമ്പത്തിക വർഷം ഒന്നാം ക്വാർട്ടറിൽ അനുവദിച്ച തുകയുടെ ചെലവ് വിവരം ലഭ്യമാക്കുകയും, രണ്ടാം ക്വാർട്ടറിൽ POL ചാർജ്ജിനും കരാർ വാഹന വാടകയ്ക്കുമായി (2024 ജൂലൈ മാസം മുതൽ സെപ്റ്റംബർ മാസം വരെ) ആകെ 73,42,556/- രൂപ (എഴുപത്തി മൂന്ന് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി അഞ്ഞൂറ്റി അൻപത്തിയാറ് രൂപ മാത്രം) അനുവദിച്ച് നൽകുന്നതിന് പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സ്വന്തം വാഹനമുള്ള പ്രോഗ്രാം ഓഫീസുകൾ, ഐ.സി.ഡി.എസ് പ്രോജക്ടുകൾ എന്നിവയ്ക്ക് POL ചാർജ്ജിനത്തിലും, കരാർ വാഹനമുള്ള പ്രോഗ്രാം ഓഫീസുകൾ

ഐ.സി.ഡി.എസ് പ്രോജക്ടുകൾ എന്നിവയ്ക്ക് കരാർ വാഹന വാടകയിനത്തിലും ആയി ആകെ 73,42,556/- രൂപ (എഴുപത്തി മൂന്ന് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി അഞ്ഞൂറ്റി അൻപത്തിയാറ് രൂപ മാത്രം) ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം അതാത് ജില്ല വനിത ശിശുവികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

**ഐ.സി.ഡി.എസ് പ്രോജക്ടുകൾക്കും പ്രോഗ്രാം ഓഫീസുകൾക്കും രണ്ടാം ക്വാർട്ടറിൽ POL ചാർജ്ജ്, കരാർ വാഹന വാടക എന്നിവയ്ക്കായി അനുവദിക്കുന്ന തുക**

| ക്രമ നം | ജില്ല | ജില്ലയിലെ പ്രോഗ്രാം ഓഫീസ് , ഐ.സി.ഡി.എസ് പ്രോജക്ടുകൾ എന്നിവയ്ക്ക് POL ചാർജ്ജ്, കരാർ വാഹന വാടക എന്നിവയ്ക്കായി 2024-25 വർഷം രണ്ടാം ക്വാർട്ടറിൽ അനുവദിക്കുന്ന തുകയുടെ വിശദാംശം | | |
|---|---|---|---|---|
| | | POL charge | Hire charge | ആകെ അനുവദിക്കുന്ന തുക |
| 1. | തിരുവനന്തപുരം | 0 | 1298270 | 1298270 |
| 2. | കൊല്ലം | 0 | 485199 | 485199 |
| 3. | പത്തനംതിട്ട | 40,000 | 462757 | 502757 |
| 4. | ഇടുക്കി | 0 | 266238 | 266238 |
| 5. | ആലപ്പുഴ | 0 | 59955 | 59955 |
| 6. | കോട്ടയം | 0 | 236070 | 236070 |
| 7. | എറണാകുളം | 0 | 452145 | 452145 |
| 8. | തൃശ്ശൂർ | 0 | 447076 | 447076 |
| 9. | പാലക്കാട് | 50,000 | 450422 | 500422 |
| 10. | മലപ്പുറം | 0 | 1201899 | 1201899 |
| 11. | കോഴിക്കോട് | 0 | 532885 | 532885 |
| 12. | വയനാട് | 10000 | 411193 | 421193 |
| 13. | കണ്ണൂർ | 0 | 559012 | 559012 |
| 14. | കാസർഗോഡ് | 0 | 379435 | 379435 |
| | **ആകെ** | **1,00,000** | **7242556** | **7342556** |

പ്രോഗ്രാം ഓഫീസുകൾക്കും ഐ.സി.ഡി.എസ് പ്രോജക്ടുകൾക്കും POL ചാർജ്ജിനത്തിൽ

ആവശ്യമായ 1,00,000-രൂപയും, കരാർ വാഹന വാടക ഇനത്തിൽ ആവശ്യമായ 72,42,556/-രൂപയും ചേർത്ത് രണ്ടാം ക്വാർട്ടറിൽ ആവശ്യമായ 73,42,556/- രൂപ (എഴുപത്തി മൂന്ന് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി അഞ്ഞൂറ്റി അൻപത്തിയാറ് രൂപ മാത്രം) വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള 40341101052949 (IFS CODE KLGB0040341) എന്ന SNA അക്കൗണ്ടിൽ നിന്നും അതാത് ജില്ലാ വനിത ശിശുവികസന പദ്ധതി ഓഫീസർക്ക് PFMS മുഖേന ലിമിറ്റ് സെറ്റ് ചെയ്ത് നൽകേണ്ടതാണ്. പ്രോഗ്രാം ഓഫീസുകൾക്കും ഐ.സി.ഡി.എസ് പ്രോജക്ടുകൾക്കും ഒന്നാം ക്വാർട്ടറിൽ POL/ കരാർ വാഹന വാടകയിനത്തിൽ അനുവദിച്ച തുകയിൽ ചെലവഴിക്കാതെ നിലനിൽക്കുന്ന തുക ആവശ്യമില്ലയെങ്കിൽ പ്രസ്തുത തുക പിൻവലിച്ച് രണ്ടാം ക്വാർട്ടറിൽ ടി ഇനത്തിൽ തുക ആവശ്യമുള്ള കാര്യാലയങ്ങൾക്ക് ലിമിറ്റ് സെറ്റ് ചെയ്ത് നൽകാവുന്നതാണ്.

ഈ തുക PFMS ൽ രജിസ്റ്റർ ചെയ്തിട്ടുള്ള hiring for vehicles /petrols, oil & lubricant of vehicles എന്ന കമ്പോണന്റിൽ നിന്നും ചെലവഴിക്കേണ്ടതാണ്. ജില്ലാ വനിത ശിശുവികസന ഓഫീസർമാർ അവരവരുടെ കീഴിലുള്ള പ്രോഗ്രാം ഓഫീസർമാർക്കും, ശിശുവികസന പദ്ധതി ഓഫീസർമാർക്കും ആവശ്യമായ തുക PFMS മുഖേന ലിമിറ്റ് സെറ്റ് ചെയ്ത നൽകേണ്ടതും, തുക PFMS മുഖേന ചെലവഴിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കരാർ വാഹന വാടകയ്ക്കും POL ചാർജ്ജിനുമായി 2024-25 സാമ്പത്തിക വർഷം രണ്ടാം ക്വാർട്ടറിൽ വിനിയോഗിച്ച തുകയുടെ യു.സി, ചെലവ് വിവര പട്ടിക എന്നിവ 2024 ഒക്ടോബർ 15 നകം തരം തിരിച്ച് ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശുവികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും

പകർപ്പ് :

1.എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2.ബന്ധപെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്കും
3.സൂപ്രണ്ട്,അക്കൗണ്ട് സെക്ഷൻ
4.സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്